## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5994

04.11.2016-ൽ മറുപടിക്ക്

### മണൽ ശേഖരണം പുനരാരംഭിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആന്റണി ജോൺ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | പെരിയാറിന്റെ തീരത്തുള്ള കുട്ടമ്പുഴ, കീരം പാറ, കവളങ്ങാട് പഞ്ചായത്തു പ്രദേശങ്ങൾ ഉൾപ്പെടുന്ന ഭാഗങ്ങളിൽ മണൽ ശേഖരണം നടത്തിവന്നിരുന്നത് നിർത്തലാക്കിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) 2015 ജൂൺ മാസം മുതൽ കുട്ടമ്പുഴ, കീരം പാറ. കവളങ്ങാട് പഞ്ചായത്തു പ്രദേശങ്ങൾ ഉൾപ്പെടുന്ന ഭാഗങ്ങളിൽ മണൽ ശേഖരണം നിർത്തി വച്ചിട്ടുള്ളതാണ്. |
| (ബി) | താലൂക്കിലെ ഇഞ്ചത്തൊട്ടി, പാലമറ്റം, കുട്ടമ്പുഴ എന്നീ മേഖലകളിൽ പഞ്ചായത്തുകളുടെ ചുമതലയിൽ മണൽ ശേഖരണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) പാരിസ്ഥിതികാനുമതി ലഭിക്കുന്ന മുറയ്ക്ക് മണൽ ശേഖരണം പുനരാരംഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രദേശങ്ങളിൽ അനധികൃത മണൽ ശേഖരണവും വിപണനവും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഇല്ല |
| (ഡി) | നിയമപരമായി മണൽ ശേഖരണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ? | (ഡി) സംസ്ഥാന പാരിസ്ഥിതി ആഘാതപഠന സമിതിയുടെ അനുമതി ലഭിക്കാത്തതിനാലാണ് ജില്ലയിൽ നിയമപരമായി മണൽ ശേഖരണം ആരംഭിക്കാൻ സാധിക്കാത്തത്. |

സെക്ഷൻ ഓഫീസർ